**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5173** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ? | (എ) | **1.ഈരാറ്റുപേട്ട വാഗമൺ റോഡ് പുനരുദ്ധാരണം**<br><br>**ഈരാറ്റുപേട്ട വാഗമൺ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിൽ നിന്നും 4.20 ആർ ഭൂമിയും കോട്ടയം ജില്ലയിലെ ടീക്കോയ്, ഈരാറ്റുപേട്ട വില്ലേജുകളിൽ നിന്നും 183.40 ആർ ഭൂമിയും ഉൾപ്പടെ 187.60 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 26.10.2022 ലെ സ.ഉ (സാധാ) നം. 4317/2022/റവ, 07/01/2023-ലെ സ.ഉ (സാധാ) നം. 133/2023/റവ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുണ്ട്. 4(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**2.മാർമല ചെറുകിട ജലവൈദ്യുത പദ്ധതി**<br><br>**മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 2013 LARR Act വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 29.08.2022 ലെ 2920-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതും സ്കെച്ച് തയ്യാറാക്കി വരുന്നതുമാണ്.**<br><br>**3. ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം**<br><br>**കാഞ്ഞിരപ്പള്ളി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനത്തിനായി ഇടക്കുന്നം വില്ലേജിൽ ബ്ലോക്ക് 4ൽ ഉൾപ്പെട്ട 9.73 ആർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 10/02/2022 ൽ 2013 LARR Act സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 2013-ലെ** |

| | | | |
|---|---|---|---|
| | | | **എൽ.എ.ആർ.ആർ ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 02/03/2023 ലെ സ.ഉ(അച്ചടി) നം. 66/2023/റവ പ്രകാരം രണ്ട് മാസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്.**<br><br>**4 പിണ്ണാക്കനാട് 33 kv സബ് സ്റ്റേഷൻ**<br><br>**പിണ്ണാക്കനാട് 33 kv കെ.എസ്.ഇ.ബി സബ് സ്റ്റേഷൻ നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിൽ കോണ്ടൂർ വില്ലേജിൽ സർവ്വെ നമ്പർ 282/9 ൽ പെട്ട 35 സെൻറ് സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 12.04.2021 ൽ അർത്ഥനാപത്രം സമർപ്പിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത സ്ഥലം, സ്ഥലമുടമ കൈമാറ്റം നടത്തിയിട്ടുള്ളതിനാൽ, അനുയോജ്യമായ മറ്റൊരു സ്ഥലം ലഭിച്ചതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കേണ്ടതായുള്ളൂ എന്ന് അർത്ഥനാധികാരി 17.08.2021 ൽ അറിയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ